**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് -ഹരിത കേരളം മിഷന്റെ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കുന്ന ഹരിത സഹായ സ്ഥാപനങ്ങളുടെ നടത്തിപ്പ് തുക നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.407/2018/തസ്വഭവ തിരുവനന്തപുരം, തീയതി 09.02.2018

പരാമർശം :- 1. 15.7.2017 ലെ സ.ഉ ( സാധാ ) നം 2420/2017/തസ്വഭവ നമ്പർ ഉത്തരവ്

2. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 31.10.2017 ലെ 1275/HKM/2017 നമ്പർ കത്ത്

3. 17.01.2018 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം. 3.13

## ഉത്തരവ്

ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കേണ്ട ഹരിത സഹായ സ്ഥാപനത്തിന്റെ അനിവാര്യതയും പ്രവർത്തനവും ഘടനയും സംബന്ധിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിത കേരളം മിഷൻ നിശ്ചയിക്കുന്ന, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓരോ ക്ലസ്റ്ററിലേയ്ക്കും തെരഞ്ഞെടുക്കുന്ന ഹരിത സഹായ സ്ഥാപനത്തിൽ ഉണ്ടാകേണ്ട ജീവനക്കാരുടെ യോഗ്യതയും അവർ നൽകേണ്ട സേവനങ്ങളും ഇടവേളകളും സബന്ധിച്ച് പ്രസ്തുത ഉത്തരവിൽ പ്രദിപാദിച്ചിട്ടുണ്ട്. ഹരിത കേരളം മിഷൻ ക്ലസ്റ്റർ അല്ലെങ്കിൽ ജില്ലാ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കേണ്ടതും വേതനം നിശ്ചയിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഹരിത കേരളം മിഷന്റെ ശുചിത്വ - മാലിന്യ ഉപമിഷൻ ഇംപ്ലിമെന്റിങ് ഏജൻസിയായ ശുചിത്വ മിഷൻ ആരംഭിച്ചിട്ടുണ്ട്. ഹരിത സഹായ സ്ഥാപനങ്ങൾക്ക് നൽകേണ്ട കൺസൾട്ടൻസി ഫീസ് (വേതനം) ചുവടെ ചേർക്കും പ്രകാരം അനുവദിക്കണമെന്ന് ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ഒരു ക്ലസ്റ്ററിലെ ചെലവുകൾ (ഒരു മാസത്തേയ്ക്ക്)</u>

| | |
|---|---|
| സാങ്കേതിക വിദഗ്ധന് വേതനം | 50,000/- രൂപ |
| കോ-ഓർഡിനേറ്റർക്ക് വേതനം | 40,000/- രൂപ |
| ടെക്നീഷ്യന് വേതനം | 30,000/- രൂപ |
| യാത്രാചെലവ് (3 പേർക്ക്) | 40,000/- രൂപ |
| ഓഫീസ് വാടക, സ്റ്റേഷനറി, ഇന്റർനെറ്റ്, വൈദ്യുതി, വെള്ളം, മുതലായവ | 10,000/- രൂപ |
| ആകെ | 1,70,000/- രൂപ |
| ഒരു വർഷത്തേയ്ക്ക് വേണ്ടി വരുന്ന ചെലവ് | 20,40,000/- രൂപ |
| 6 പഞ്ചായത്തുകൾ ചേർന്ന ക്ലസ്റ്ററിന് ഒരു പഞ്ചായത്ത് നൽകേണ്ടി വരുന്ന തുക | 20,40,000 ÷ 6 = 3,40,000/- രൂപ |
| 3 മുനിസിപ്പാലിറ്റികൾ ചേർന്ന ക്ലസ്റ്ററിന് ഒരു മുനിസിപ്പൽ/കോർപ്പറേഷൻ നൽകേണ്ട തുക | 20,40,000 ÷ 3 = 6,80,900/- രൂപ |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഹരിത കേരളം മിഷന്റെ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കുന്ന ഹരിത സഹായ സ്ഥാപനങ്ങളുടെ നടത്തിപ്പ് തുക നിശ്ചയിച്ചു കൊണ്ട്, പരാമർശം 3 ന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

- ഒരു ക്ലസ്റ്ററിന്റെ ചുമതല ഏറ്റെടുക്കുന്ന ഹരിത സഹായ സ്ഥാപനത്തിന് ഒരു മാസം പരമാവധി 1,70,000 നൽകാവുന്നതാണ്.
- ഹരിത കേരള മിഷന്റെ ഇംപ്ലിമെന്റിങ് ഏജൻസിയായ ശുചിത്വ മിഷൻ ഓരോ ക്ലസ്റ്ററിലും ബന്ധപ്പെട്ട ഹരിത സഹായ സ്ഥാപനം നിയമിക്കുന്ന സാങ്കേതിക വിദഗ്ധർ, കോഓർഡിനേറ്റർ എന്നിവരുടെ വിദ്യാഭ്യാസ യോഗ്യത, മുൻ പരിചയം, ക്ലസ്റ്ററിന്റെ ഭൂവിസ്തീർണ്ണം, മറ്റ് സൗകര്യങ്ങൾ എന്നിവ പ്രത്യേകം പരിശോധിച്ച് ഓരോ സ്ഥാപനത്തിനും പ്രത്യേകം നിരക്ക് നിശ്ചയിക്കണം. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളെ രേഖാമൂലം അറിയിക്കണം.
- ആദ്യ രണ്ടു വർഷം ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള നടത്തിപ്പ് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുണ്ട്. എന്നാൽ, ആദ്യവർഷത്തെ പ്രവർത്തനം റിവ്യൂ ചെയ്ത ശേഷമായിരിക്കും രണ്ടാം വർഷം ചുമതല തുടർന്ന് നൽകുന്നത്. ഈ കാലയളവിനുള്ളിൽ ഹരിത കർമ്മസേന സ്വയം പ്രവർത്തനശേഷി കൈവരിക്കുന്നതിനാൽ തുടർന്ന് ഈ ആവശ്യങ്ങൾക്ക് ഹരിത സഹായ സ്ഥാപനത്തിന്റെ

സേവനം ആവശ്യമായി വരില്ല എന്നതുകൊണ്ട് രണ്ടു വർഷത്തിനുശേഷം ഒരു കാരണവശാലും ഇവർക്ക് തുക അനുവദിക്കാൻ പാടില്ല. ടി തുക ഹരിത കേരള മിഷൻ പ്രോജക്ടുകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും വകയിരുത്തേണ്ട തുകയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള അംഗീകാരവും നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും ( ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും ( ഗ്രാമ വികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശസ്വയംഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ